# GHSS KODUVAYUR

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025

### ഭൗതികസാഹചര്യങ്ങൾ( യുപി, എച്ച് എസ്)

| | |
|---|---|
| സ്റ്റാഫ് റൂം | 2 |
| ക്ലാസ്സുറികളുടെ എണ്ണം | 60 |
| കമ്പ്യൂട്ടർ ലാബുകളുടെ എണ്ണം | 3 |
| സയൻസ് ലാബ് | 2 |
| സ്കൂൾ കോപ്പറേറ്റീവ് സ്റ്റോർ | 1 |
| NCC Office | 1 |
| Sports room | 1 |
| HM room | 1 |
| Office room | 1 |
| Library | 1 |
| ഊട്ടുപുര | 1 |
| ഡൈനിങ് ഹാൾ | 1 |
| Language room | 1 |
| Audio visual room | 1 |
| Counselling room | 1 |
| Stream Project Room | 1 |
| Record room | 1 |
| School Ground | 1 |
| Toilet | Hand caped 1, Gender friendly 32 |
| കൈകഴുകുവാനുള്ള വാട്ടർ ടാപ്പുകൾ | 50 |
| ശുദ്ധീകരിച്ച കുടിവെള്ള ടാപ്പ് | 15 |
| Projector | 20 |

| | |
|---|---|
| Laptop | 165 |
| സീലിങ് ഫാൻ | 80 |
| തണൽ മരങ്ങൾ | 15 |
| ഓഡിറ്റോറിയം | 1 |

## സ്കൂളിന്റെ അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| പ്രിൻസിപ്പൽ | ശ്രീമതി. ശോഭ |
| പ്രധാനധ്യാപിക | ശ്രീമതി. വിനീത |
| ആകെ അധ്യാപകർ | 116 |
| HSS | 29 |
| HS | 75 |
| UP | 12 |
| CLERK | 2 |
| OA | 2 |
| FTM | 3 |
| ജില്ല | പാലക്കാട് |
| സബ്ജില്ല | കൊല്ലങ്കോട് |
| BRC | നെന്മാറ |

## വിദ്യാർഥികളുടെ എണ്ണം

| | BOYS | GIRLS | TOTAL |
|---|---|---|---|
| UP | 133 | 156 | 289 |
| HS | 1197 | 1037 | 2234 |

## ഡിവിഷനുകളുടെ എണ്ണം

| UP | HS | HSS |
|---|---|---|
| 10 | 52 | 12 |

## അക്കാദമിക നേട്ടങ്ങൾ

**SSLC- 711 കുട്ടികൾ പരീക്ഷ എഴുതി. 710 പേർ ഉന്നതപഠനത്തിന് അർഹത നേടി.**

**Full A+ : 75**
**9 A+ : 22**
**8 A+ : 22**
**USS winners 12**
**NMMS winners 8**
**Inspire Manat Award :1**

## ഭൗതിക സൗകര്യങ്ങൾ ഇനിയും നേടാനുള്ളത്

**വിശാലമായ Sports Room, SPC, JRC, work experience, ഭിന്നശേഷി വിഭാഗക്കാരുടെ ടീച്ചർക്ക് വേണ്ടിയുള്ള Class room വിശാലമായ ഡൈനിങ് ഹാൾ പുതിയ കെട്ടിടങ്ങളുടെ Electrification വിശാലമായ ലൈബ്രറിയും വായനാമുറിയും, conference Hall, furniture, രോഗി പരിചരണ മുറി, ഇൻസീരിനേറ്റർ, parking area( Car, bike), ഇൻറർലോക്ക് ചെയ്ത മുറ്റം, ക്യാമ്പസ് സൗന്ദര്യവൽക്കരണം.**

## കുട്ടികളുടെ ഉച്ചഭക്ഷണം

**സ്വാദിഷ്ടമായ വിഭവങ്ങളോട് കൂടിയ ഉച്ചഭക്ഷണമാണ് കുട്ടികൾക്ക് നൽകുന്നത്. 5 മുതൽ എട്ടാം ക്ലാസ് വരെ 839 കുട്ടികൾ ഉച്ച ഭക്ഷണം കഴിക്കുന്നുണ്ട്. മാസത്തിൽ ഒരുതവണ ചിക്കൻ കറിയും പാൽപ്പായസവും നൽകി വരുന്നു. ആഴ്ചയിൽ ഒരു ദിവസം പാൽ ,മുട്ട എന്നിവ നൽകുന്നു. അധ്യാപകർ തന്നെ ഓരോ department wise പായസത്തിനുള്ള തുക സ്വരൂപിക്കുന്നു.**

## സ്കൂൾ പി .ടി.എ, എസ്.എം. സി ,എം .പി.ടി .എ

**ഊർജ്ജസ്വലമായ ഒരു പി.ടി.എ ആണ് ജിഎച്ച്എസ് കൊടുവായൂരിനുള്ളത്. ഏത് പ്രശ്നത്തിനും നിഷ്പക്ഷവും നീതിയുക്തവുമായ പരിഹാരം കാണാനും**

**സ്കൂളിന്റെ അച്ചടക്കം നിലനിർത്താനും പി ടി എ വഹിക്കുന്ന പങ്ക് വളരെ വലുതാണ് .സ്കൂൾ എസ് എം സി യും ഇതിനോടൊപ്പം എല്ലാ കാര്യങ്ങളിലും സഹായിക്കുകയും സഹകരിക്കുകയും ചെയ്തു വരുന്നു .പിടിഎ പ്രസിഡണ്ട് ശ്രീ രവിചന്ദ്രൻ കെ, എസ്.എം.സി ചെയർമാൻ ശ്രീ പ്രേമദാസ് സി, എം പി ടി എ പ്രസിഡൻറ് ശ്രീമതി ഷീബ കെ.**

**ജാഗ്രതാ സമിതി, വിദ്യാലയ സമിതി എന്നിവ 2024-25 അക്കാദമിക വർഷം രൂപീകരിച്ചു. അതിന്റെ പ്രവർത്തനങ്ങൾ 2025-26 അക്കാദമിക വർഷവ ും സജീവമാക്കിയിട്ടുണ്ട്.**

## സ്കൂൾ പാർളിമെന്റ് അംഗങ്ങൾ

| ക്രമ നമ്പർ | തസ്തിക | വിജയി | ക്ലാസ് | വിഭാഗം |
|---|---|---|---|---|
| 1 | ചെയർപേഴ്സൺ | ARYAN ZAKIR HUSSAIN | +2 | HSS |
| 2 | വൈസ് ചെയർപേഴ്സൺ | AKSHAYA S | 10P | HS |
| 3 | സെക്രട്ടറി | DHASARADH R | 10H | HS |
| 4 | ജോയിന്റ് സെക്രട്ടറി | ARYA | +2B | HSS |
| 5 | കലാവേദിസെക്രട്ടറി | PRATHIBA P | +1C | HSS |
| 6 | കലാവേദിജോയിന്റ് സെക്രട്ടറി | AKHIL L | 10Q | HS |
| 7 | സാഹിത്യവേദിസെക്രട്ടറി | AMRUTHASREE R R | +1D | HSS |
| 8 | സാഹിത്യവേദി ജോയിന്റ് സെക്രട്ടറി | SREEHARI R | 10D | HS |
| 9 | കായിക വേദി സെക്രട്ടറി | HAFSA M | 10A | HS |
| 10 | കായിക വേദി ജോയിന്റ് സെക്രട്ടറി | MUHAMMED ASLAM | +2A | HSS |

## പാഠ്യേതര പ്രവർത്തനങ്ങൾ

മികച്ച അക്കാദമിക നിലവാരം പുലർത്തുന്നതോടൊപ്പം എല്ലാവർഷവും പാഠ്യേതര പ്രവർത്തനങ്ങളിലും തിളക്കമാർന്ന നേട്ടം കൈവരിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ശാസ്ത്രസാങ്കേതിക പ്രവർത്തി പരിചയം കലാ കായിക മേഖലകളിൽ സബ്ജില്ലാ  സംസ്ഥാന തലങ്ങൾ വരെയും കായിക മുന്നേറ്റത്തിൽ ദേശീയ തലങ്ങളിലും മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്.

### കലോത്സവം

2024-25 അധ്യയന വർഷത്തിൽ സബ്ജില്ലാതലം ഓവറോൾ ഒന്നാം സ്ഥാനം നേടി .ജില്ലാ സംസ്ഥാന തല മത്സരത്തിലും വിവിധ മത്സരയിനങ്ങൾ പങ്കെടുപ്പിച്ച് വിജയം കരസ്ഥമാക്കി.

### കായികം

**Sub junior softball ൽ National participation. Junior National soft ball ൽ silver medal  നേടി. Senior handball ൽ National participation. Athletic junior ,National Athletic Participation, കളരിപ്പയറ്റ് നാഷണൽ ഗോൾഡ് നേടി. Swimming water polo national Gold ,Archery national participation.**

### ശാസ്ത്ര പ്രവർത്തി പരിചയമേള

സബ്ജില്ലാ ശാസ്ത്രമേളയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പ്രവർത്തിപരിചയമേളകളിൽ ജില്ലാ തലംവരെ മികച്ച വിജയമാണ് കരസ്ഥമാക്കിയത് .ഐടി മേളകളിൽ നമ്മുടെ കുട്ടികൾ സംസ്ഥാന തലംവരെ മത്സരിച്ച് മികച്ച നേട്ടം കൈവരിച്ചു.

### NCC

കഴിഞ്ഞ അക്കാദമിക വർഷം 100 എൻസിസി കേഡറ്റുകളാണ് ഉണ്ടായിരുന്നത്.2024- 25 വർഷത്തിൽ 50 എസ്എസ്എൽസി കുട്ടികൾ പാസായി. ഈ അക്കാദമിക വർഷം 52 കേഡറ്റ്സിനെ സെലക്ട് ചെയ്തിട്ടുണ്ട്.10 ദിവസത്തെ **residential National trekking Camp** ൽ **Niharika** എന്ന കുട്ടി പങ്കെടുത്തു .സ്കൂളിലെ എല്ലാ ആക്ടിവിറ്റീസിലും എൻസിസി കേഡറ്റ്സിന്റെ സേവനം എടുത്തു പറയേണ്ടതാണ്.

## SPC

8 ,9 ,10 ക്ലാസുകളിൽ 22 വീതം കുട്ടികളാണ് **SPC cadet** കളായി ഉള്ളത്. കഴിഞ്ഞ അക്കാദമിക വർഷം 22 എസ്എസ്എൽസി കുട്ടികൾ ഗ്രേസ് മാർക്കിന് അർഹത നേടി. 22/10/2024 ൽ പത്താം ക്ലാസുകാരുടെ **passing out parade** നടന്നു. SPC  കുട്ടികൾ ജില്ല സംസ്ഥാന ക്യാമ്പുകളിൽ പങ്കെടുത്തു. ഓണാവധിക്ക് ക്യാമ്പ് നടത്തി. റിപ്പബ്ലിക് ദിനത്തിൽ കോട്ടമൈതാനത്ത് **SPC boys**  ന് പരേഡിൽ പങ്കെടുക്കാൻ സാധിച്ചു.

## JRC

2024- 25 അക്കാദമിക വർഷത്തിൽ 60JRC കുട്ടികളാണ് SSLC യിൽ ഉണ്ടായിരുന്നത്. ഒരു ദിവസത്തെ ക്യാമ്പിൽ ഈ കുട്ടികൾ പങ്കെടുത്തിരുന്നു. ഈ വർഷവും 60 കുട്ടികളാണ് JRC ക്ക് **selection** നേടിയത്.സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും നമ്മുടെ ജെ ആർ സി കുട്ടികൾ സജീവമായി പങ്കെടുത്ത് വരുന്നു .സമൂഹസേവനത്തിലും അവർ നിരന്തരം പങ്കെടുത്തു വരുന്നു.

## Little kites

2024 -25 അക്കാദമിക വർഷം 60 കുട്ടികൾക്ക് എസ്എസ്എൽസി പരീക്ഷയിൽ ഗ്രേസ്മാർക്ക് നേടാനായി. ഐടി മേളയിൽ **Quiz, Malayalam computing,  Animation,HTML** എന്നിവയിൽ ജില്ലാ തലംവരെ മത്സരിച്ചു. LK യുടെ ജില്ലാതല ക്യാമ്പിൽ അനിമേഷൻ,പ്രോഗ്രാമിങ്  വിഭാഗത്തിലായി 3

കുട്ടികൾ മത്സരിച്ചു. ഒമ്പതാം ക്ലാസിൽ 42 പത്താം ക്ലാസിൽ 80 കുട്ടികളാണ് ലിറ്റിൽ കൈറ്റ്സിൽ അംഗങ്ങളായിട്ടുള്ളത്.

## സമഗ്ര ഗുണമേന്മ വികസനം

ശ്രദ്ധ പദ്ധതി - യു പി , ഹൈസ്കൂൾ വിഭാഗങ്ങൾക്കായി പ്രത്യേകം മോഡ്യൂൾ പ്രകാരം **extra class** നടത്തുന്നു.

**LEAP project -6-9** വരെയുള്ള ക്ലാസുകാർക്ക് നൽകിവരുന്നു.

**NAS exam** -ഒമ്പതാം ക്ലാസുകാർക്ക് നടത്തിവരുന്നു.

**USS, NMMS scholarship** പരീക്ഷകൾക്ക് തയ്യാറെടുക്കുന്നു.

**Stream**

**Inspire award nomination** കൾ നടന്നുകൊണ്ടിരിക്കുന്നു.

**YIP** ശാസ്ത്രപഥം പദ്ധതി നടപ്പിലാക്കി വരുന്നു.

**Leap exam -IT club**

വിജയശ്രീ പദ്ധതി എസ്എസ്എൽസി

വിമുക്തി ക്ലബ്ബ്

മാലിന്യമുക്തം നവകേരളം

എക്കോ ക്ലബ്

ഫിലാറ്റലി ക്ലബ്

പഠനയാത്രകൾ( **UP, HS**)

## STREAM HUB

**7,8,9** ക്ലാസിലെ കുട്ടികൾക്കായി **Little Expert Camp** ൽ **28/05/2025 3D, 2/6/2025 craft & tool, 5/6/2025 VR & Science, 10/06/2025 Electronics** എന്നി കോഴ്സുകളാണ് നടന്നത്.

## വിദ്യാരംഗം കലാസാഹിത്യ വേദി മലയാളം

### വായനാ കളരി

കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കുന്നതിനായി ലൈബ്രറിയിൽ നിന്ന് ധാരാളം പുസ്തകങ്ങൾ വായിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട് .കുട്ടികൾ

പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പുകളും ആസ്വാദനക്കുറിപ്പുകളും തയ്യാറാക്കി കൊണ്ടുവരുന്നത് ശേഖരിക്കുന്നുണ്ട്.

## വായനാദിനം സന്ദേശം അനുസ്മരണം

ജൂൺ 19 വായനാദിനവുമായി ബന്ധപ്പെട്ട സ്കൂൾ അസംബ്ലി നടത്തി .വായനദിന സന്ദേശം പ്രതിജ്ഞ, അനുസ്മരണം എന്നിവ നടത്തുന്നു .കവിതാലാപനം ,കഥാപാത്ര അഭിനയം, രചനാ മത്സരങ്ങൾ തുടങ്ങിയവ വായനാവാരത്തിൽ നടത്തുന്നു .കുട്ടികൾ വായിച്ച് ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കിയതിന്റെ പ്രദർശനം നടത്തുന്നു .വായന ക്വിസ് നടത്തി വിജയികളെ അനുമോദിക്കുന്നു.

## ബഷീർ അനുസ്മരണം

കുട്ടികൾ വായിച്ച ബഷീർ കൃതികളുടെ പ്രദർശനം നടത്തുന്നു .ബഷീർ കഥാപാത്രങ്ങളും ചിത്രങ്ങൾ വരച്ച് പ്രദർശനം നടത്തുന്നു .ബഷീർ കൃതിയിലെ വിവിധ കഥാപാത്രങ്ങളുടെ അഭിനയം ക്ലാസ് മുറികളിൽ നടത്തുന്നു.

## ഓണാഘോഷം

ചിങ്ങം ഒന്ന് കർഷക ദിനത്തിന്റെ പ്രാധാന്യം. ക്ലബ് അംഗങ്ങൾ ദശപുഷ്പങ്ങൾ നാട്ടുപൂക്കളുടെ ശേഖരണം എന്നിവ നടത്തുന്നു .വിവിധ കാർഷിക ഉപകരണങ്ങൾ (പഴയതും പുതിയതും )പരിചയപ്പെടുന്നു. പൂക്കളം ഒരുക്കുന്നു. .ഓണപ്പാട്ടുകൾ ഓണക്കളികൾ എന്നിവ സംഘടിപ്പിക്കുന്നു

## അധ്യാപക ദിനം

അധ്യാപക കഥകൾ കവിതകൾ അവതരണം കുട്ടികൾ സ്വയം അധ്യാപകരായി ക്ലാസുകൾ എടുക്കുന്നു .അധ്യാപകരെ ആദരിക്കുന്നു.

## കേരളപ്പിറവി

കേരളപ്പിറവിയോട് അനുബന്ധിച്ച് കേരളത്തിന്റെ ഭൂപടം വിവിധ വർണ്ണങ്ങളിലുള്ള പൂക്കൾ കൊണ്ട് നിർമ്മിക്കുന്നു. കേരളവുമായും മലയാളഭാഷയുമായും ബന്ധപ്പെട്ട കവിതകളുടെ ശേഖരണം ആലാപനം എന്നിവ നടത്തുന്നു.

## സ്കൂൾ ജില്ലാതല മത്സരങ്ങൾ

വിദ്യാരംഗം കലാസാഹിത്യ വേദി നടത്തുന്ന വിവിധയിനം മത്സരങ്ങളിൽ കുട്ടികളെ സ്കൂൾതലത്തിൽ നിന്നും തിരഞ്ഞെടുത്ത് സബ്ജില്ലാതലങ്ങളിലേക്ക് എത്തിക്കുന്നു. സ്കൂൾ യുവജനോത്സവത്തിനായി മലയാള നാടകം തയ്യാറാക്കുന്നു. അഭിനേതാക്കളെ തെരഞ്ഞെടുത്ത സബ് ജില്ലയിലേക്കുള്ള തയ്യാറെടുപ്പ്

നടത്തുന്നു. കൈരളി വിജ്ഞാന പരീക്ഷ, അക്ഷരമുറ്റം ,തളിര് തുടങ്ങിയ ധാരാളം പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കെടുക്കുന്നുണ്ട്.

## ഹിന്ദി

ഹിന്ദി അസംബ്ലി നടത്തുന്നു. എല്ലാ ദിവസവും നോട്ടീസ് ബോർഡിൽ ഒരു ഹിന്ദി വാക്ക് എഴുതി അതിന്റെഅർത്ഥംഇംഗ്ലീഷ്മലയാളംഭാഷകളിൽപ്രദർശിപ്പിക്കുന്നു. എല്ലാ ദിനാചരണങ്ങളും നടത്തുന്നതോടൊപ്പം കുട്ടികൾക്ക് ഹിന്ദിയിൽ സംസാരിക്കാനുള്ള പരിശീലനവും നൽകുന്ന .ഹിന്ദി ഭാഷാപഠനം പ്രോത്സാഹിപ്പിക്കാൻ യുപി മുതൽ ഹൈസ്കൂൾ തലം വരെ വിവിധ രചന മത്സരങ്ങൾ സംഘടിപ്പിച്ച് സബ്ജില്ലാ ജില്ലാതലങ്ങളിലേക്ക് കുട്ടികളെഎത്തിക്കുന്നു. കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാനായി ദിനാചരണങ്ങളുമായി (പ്രേംചന്ദ് ,സ്വാതന്ത്ര്യ ദിനം ,ഗാന്ധിജയന്തി )ബന്ധപ്പെട്ട് വിവിധ ചാർട്ടുകളുടെയും രചനകളുടെയും പ്രദർശനം നടത്തുന്നു.അധ്യാപക ദിനം റിപ്പബ്ലിക് ദിനം ഇവയുമായി ബന്ധപ്പെട്ട ധാരാളം സൃഷ്ടികൾ കുട്ടികൾ നടത്തുന്ന അതിനുവേണ്ടി എല്ലാ നിർദ്ദേശങ്ങളും അധ്യാപകർ മുൻകൂട്ടി നൽകുന്നു. സുരീലി ഹിന്ദി എന്ന ആശയം ഹിന്ദി ഭാഷയിൽ കുട്ടികൾക്ക് കൂടുതൽ കൂടുതൽ താല്പര്യം ഉണർത്തുന്ന ഒന്നാണ്.

## സംസ്കൃതം ,അറബി

വിദ്യാരംഗം ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് സമാന്തരമായി സംസ്കൃതം ,അറബി എന്നിവ പഠിക്കുന്ന കുട്ടികൾക്കായും ധാരാളം പാഠ്യേതര പ്രവർത്തനങ്ങൾ നടത്തിവരുന്നു. രാമായണം ക്വിസ് ,സംസ്കൃതം അക്ഷരശ്ലോകം, സംസ്കൃത ഗാനാലാപനം എന്നിവ നടത്തുന്ന .സംസ്ഥാനതലം വരെയുള്ള മത്സരങ്ങളിൽ അറബി സംസ്കൃതം എന്നീ ഭാഷ പഠിക്കുന്ന കുട്ടികൾ പങ്കെടുക്കാറുണ്ട്.

## ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷ ലളിതമായും ഗഹനമായും ഉൾക്കൊണ്ട് ധാരാളം സർവ്വശശേഷികൾ നടത്താനുള്ള വൈദഗ്ധ്യം കുട്ടികളിൽ ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ക്ലബ്ബിലൂടെ കുട്ടികൾ ആർജിക്കുന്നു.

വിവിധ ദിനാചരണങ്ങളോടൊപ്പം ഭാഷാനൈപുണി വർദ്ധിപ്പിക്കാൻ വിവിധ രചനകളിൽ കുട്ടികൾ ഏർപ്പെടുന്നു. **Role play, skit ,drama** എന്നിവയിലെല്ലാം പങ്കെടുത്ത് കുട്ടികൾ സംസ്ഥാന തലം വരെ എത്തുന്നുണ്ട്. **Teachers Day ,Independence Day ,Republic Day** തുടങ്ങിയ അവസരങ്ങളിൽ **speech** നടത്തുകയും സ്ലൈഡുകളുടെ പ്രദർശനം നടത്തുകയും ചെയ്യുന്നു. നവംബർ **27** ന് **English fest** നടത്തുന്നുണ്ട്. **Onam ,Christmas celebration** കളിൽ **English club** ന്റെ പ്രവർത്തനം മികച്ചതാണ്.

## ഗണിതം

പാസ്കൽ ദിനാചരണം, രാമാനുജൻ ദിനാചരണം, അധ്യാപക ദിനം തുടങ്ങിയ സന്ദർഭങ്ങളിൽ കുട്ടികളുടെ വിവിധ സൃഷ്ടികളുടെ പ്രദർശനം നടത്തുന്നു .ഗണിതോപകരണങ്ങൾ നിർമ്മിക്കൽ ,ഗണിത ക്വിസ്, നമ്പർ ചാർട്ട് ,ജോമട്രിക്കൽ പാറ്റേൺ നിർമ്മാണം തുടങ്ങിയവ മത്സരയിനങ്ങൾ സംസ്ഥാന തലംവരെ പോകാറുണ്ട്. സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട പതാക നിർമ്മാണം മനോഹരമായ രീതിയിൽ പ്രദർശിപ്പിക്കപ്പെടുന്നു. അധ്യാപക ദിനത്തിൽ ഗണിത ക്ലബ് ആശംസാ കാർഡ് നിർമ്മിച്ച് സ്കൂളിലെ എല്ലാ അധ്യാപകർക്കും നൽകി ആദരിക്കാറുണ്ട് .ക്രിസ്തുമസ് ദിനാഘോഷത്തോടനുബന്ധിച്ച് ക്രിസ്തുമസ് തൊപ്പി നിർമ്മാണം നടത്തുന്നു. ഗണിത ശാസ്ത്രമേളകൾക്ക് വേണ്ടി വിവിധ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ച് സംസ്ഥാന തലത്തിലേക്ക് കുട്ടികളെ ഉയർത്തുന്നു.

## സയൻസ്

എക്കോ ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനം വൃക്ഷത്തൈ നട്ടു കൊണ്ട് വിപുലമായ രീതിയിൽ നടത്തി .ഒരു ക്ലാസ് മുറിയിൽ ഒരു ചെടിച്ചട്ടി എന്ന രീതി നടപ്പിലാക്കി. ചാന്ദ്രദിനം **world nature conservation Day** പോലുള്ള ധാരാളം ദിനാചരണങ്ങളിലൂടെ ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു .മണ്ണും വെള്ളവും വായുവും പ്രകൃതിയും എല്ലാം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത മുൻനിർത്തി മാലിന്യ സംസ്കരണത്തിന്റെ വിവിധ

ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. സ്കൂൾ പച്ചക്കറിത്തോട്ടം എന്ന ആശയം പ്രാവർത്തികമാക്കാൻ തീരുമാനിച്ചിട്ടുണ്ട് .സെപ്റ്റംബർ 27 ഹൃദയ ദിനവുമായി ബന്ധപ്പെട്ട ഹൃദയസംരക്ഷണം നാടകം തയ്യാറാക്കി വരുന്നു ശുചിത്വം ,ആരോഗ്യം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു .നല്ല ആഹാര രീതികൾ പരിചയപ്പെട്ട് അവ ശീലമാക്കാൻ യുപി തലം മുതൽ ഹൈസ്കൂൾ തലം വരെ ഫുഡ് ഫെസ്റ്റ് നടത്തിവരുന്നു. നാടൻ പലഹാരങ്ങളാണ് ഇത്തരം ഫുഡ് ഫെസ്റ്റിവൽ കൂടുതൽ ഉൾപ്പെടുത്തുന്നത്. യോഗാ ദിനം യുപി മുതൽ ഹൈസ്കൂൾ തലം വരെ വിവിധ ക്ലബ്ബുകളെ ഉൾപ്പെടുത്തിക്കൊണ്ട് യോഗദിനം ആചരിച്ചു.

## സോഷ്യൽ സയൻസ്

യുദ്ധം ഒന്നിനും പരിഹാരം നൽകുന്നില്ല എന്ന സന്ദേശം നൽകിക്കൊണ്ട് യുദ്ധവിരുദ്ധ പോസ്റ്ററുകളുടെ പ്രദർശനം ,റാലി ,അസംബ്ലി എന്നിവ ആഗസ്റ്റ് ആറാം തീയതി നടത്തുന്നു .ഹിരോഷിമാ ദിനം ,നാഗസാക്കി ദിനം ,ക്വിറ്റിന്ത്യാ ദിനം തുടങ്ങിയ ധാരാളം ദിനാചരണങ്ങളും നടത്തിവരുന്നതോടൊപ്പം ഫിലാറ്റലി ക്ലബ്ബ് സോഷ്യൽ വിഷയം കൈകാര്യം ചെയ്യുന്നവർ നടത്തുന്നുണ്ട് ചരിത്ര ബോധത്തോടൊപ്പം വർത്തമാനകാലത്തിൽ ജീവിക്കാനും അതിജീവിക്കാനുമുള്ള വിവിധ പാഠ്യേതര പ്രവർത്തനങ്ങൾ സോഷ്യൽ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നു .സാമൂഹ്യശാസ്ത്രമേളകൾക്ക് തയ്യാറെടുപ്പുകൾ നടത്താൻ കുട്ടികളോടൊപ്പം നിലകൊള്ളുന്നു. കേരളപ്പിറവിയോട് അനുബന്ധിച്ച് ചരിത്ര ക്വിസ് നടത്തുന്നു. സ്വാതന്ത്ര്യ ദിനം, ഗാന്ധിജയന്തി, റിപ്പബ്ലിക് ദിനം തുടങ്ങിയ ദേശീയ ദിനങ്ങളിൽ ഈ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വേറിട്ടു നിൽക്കുന്നവയാണ് .ചരിത്ര പ്രാധാന്യമുള്ള സ്ഥലം പരിചയപ്പെടുത്തുന്നതിനായി കുട്ടികൾക്ക് ഒരു ഫീൽഡ് ട്രിപ്പ് നടത്തുന്നു. സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പ് എല്ലാവർഷവും സോഷ്യൽ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

## സമഗ്രഗുണമേന്മ പദ്ധതിയിലെ എട്ട് മേഖലകൾ

### സമഗ്രഗുണമേന്മ ക്യാമ്പയിൻ

സമഗ്ര ഗുണമേന്മ വർഷമായ **2025-26** അക്കാദമിക വർഷത്തിൽ ജൂൺ മാസത്തിൽത്തിൽത്തന്നെ **pretest, Unit test** എന്നി നടത്തുന്നു. തുടർന്ന് പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് യോജിച്ച പഠനപ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. ജൂൺ മാസത്തിൽത്തന്നെ **CPTA** വിളിച്ച് രക്ഷിതാക്കൾക്ക് കുട്ടികൾക്ക് പഠനപിന്തുണയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു. തുടർന്ന് ഓരോ മാസവും **CPTA** നടത്തി രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠനപുരോഗതി വിലയിരുത്താനുള്ള സാഹചര്യം വിലയിരുത്തുന്നു.

## 2. സമിതികളും സഹകരണവും

വിദ്യാലയസമിതി രൂപീകരിച്ചതിന്റെ ഭാഗമായി ക ുട്ടികളുടെ പഠനപ്രക്രിയ വിലയിരുത്തി മൂല്യനിർണയം നടത്തി, കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ. തയ്യാറാക്കുന്നു. **PTA,MPTA,SPG,** ജാഗ്രത സമിതി തുടങ്ങിയ സമിതികളുടെ സഹകരണത്തിലൂടെ മാതൃകാപരമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## 3. പരിശീലന പ്രവർത്തനങ്ങൾ

വേനലവധിക്കാല പരിശീലനത്തിൽ നിന്നുമുള്ള പഠനപ്രക്രിയകളുടെ ആസൂത്രണം ഉൾപ്പെടുത്തി കൊണ്ടുള്ള **subject council** കൾ നടത്തുന്നതിലൂടെ പഠന പ്രവർത്തനങ്ങളിലെ നൂതന ആശയങ്ങൾ ചർച്ച ചെയ്യുന്നു. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെട്ട പഠന പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു.

## 4. ഗവേഷണ പ്രവർത്തനങ്ങൾ

കുട്ടികളുടെ പഠനപ്രക്രിയയിൽ പരീക്ഷണങ്ങൾക്കും ഗവേഷണപരമായ ചിന്തകൾക്കും പ്രാധാന്യം നൽകി കൊണ്ടുള്ള ലാബ് പ്രവർത്തനങ്ങൾ സജീവമാക്കുന്നു. **Stream Project** ന്റെ ലാബിൽ സബ്ജില്ലയിലെ മറ്റ് സ്കൂളുകളിൽ നിന്നും വരുന്ന കുട്ടികൾക്കും അവരുടെ പരീക്ഷണങ്ങൾ നടത്താനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

## 5. അക്കാദമിക പ്രവർത്തനങ്ങൾ

ഓരോ മാസങ്ങളിലും തയ്യാറാക്കിയ **unit plan** ന്റെ അടിസ്ഥാനത്തിൽ പാഠഭാഗങ്ങളിലൂടെ കടന്നുപോകുമ്പോൾ പാഠഭാഗങ്ങൾക്ക് വിദ്യാർത്ഥികളുടെ വ്യത്യസ്ത നിലവാരത്തിന് ഉപയോഗപ്രദമായ ദൈനംദിനാസൂത്രണ രേഖകൾ തയ്യാറാക്കുന്നു.

## 6. മൂല്യനിർണയ രീതികൾ

ഓരോരോ ടേമിലും നടത്തുന്ന മൂല്യനിർണയങ്ങൾക്ക് പുറമേ ക്ലാസ് റൂമിനകത്ത് പഠനപ്രക്രിയ വേളകളിലും പാഠ്യേതര വിഷയങ്ങളിലൂടെ കടന്നുപോകുമ്പോഴും മൂല്യനിർണയം നടത്തി പരിഹാര ബോധനത്തിനുള്ള ആസൂത്രണം ചെയ്യുന്നു. തുടർ പ്രവർത്തനങ്ങളിലൂടെ വിവിധ നൈപുണികൾ നേടുന്നതിനുള്ള ശേഷിയിലെത്തിക്കാൻ കുട്ടികളെ സജ്ജരാക്കുന്നു.

## 7. സാങ്കേതികവിദ്യ

കുട്ടികളുടെ പഠന പ്രക്രിയ **documentation short film ,Reels, slide** നിർമ്മാണം, കൊളാഷ് നിർമ്മാണം തുടങ്ങിയ സാങ്കേതികവിദ്യയിലൂടെ **ICT** സാധ്യത ഉപയോഗിച്ചുകൊണ്ടുള്ള പഠനപ്രക്രിയകൾ ഒരുക്കുന്നു.

## 8. ഭരണപരമായ പ്രവർത്തനങ്ങൾ

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ലക്ഷ്യപ്രാർത്ഥിക്ക് വേണ്ടി ഭരണപരമായ **monitoring** നിരന്തരം നടത്തുന്നു. **DEO, AEO, BPC, DIET** തുടങ്ങിയ തലത്തിലും വിവിധ സ്കൂൾ പ്രവർത്തനങ്ങളിൽ കൃത്യമായ മോണിറ്ററിംഗ് നടന്നു വരുന്നു.